

കവർസ്റ്റോറി ● എ.ആർ

# മൗദൂദിയെ തള്ളിപ്പറയണമോ, എന്തിന്, ആർക്കു വേണ്ടി?

മലപ്പുറം: മതസംഘടനകൾ ഈയിടെയായി മുഖ്യ അജണ്ടയായി രാഷ്ട്രീയം സ്വീകരിച്ചുകാണുന്നത് ശുഭകരമല്ലെന്ന് എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറിമാരായ വി.പി മുഹമ്മദ് ഫൈസിയും മുക്കം ഉമർ ഫൈസിയും പ്രസ്താവിച്ചു. ഇസ്‌ലാമിന്റെ പ്രചാരണത്തിനാണെന്ന് അവകാശപ്പെട്ട് രൂപവത്കരിക്കപ്പെട്ട പ്രസ്ഥാനങ്ങൾ പഞ്ചായത്തുകളിലും മറ്റു ഭരണകേന്ദ്രങ്ങളിലും കണ്ണുവെച്ച് നീങ്ങുന്നത് വിരോധാഭാസമാണ്. കിനാലൂരിലെ റോഡ് വികസനവും ചെങ്ങറയിലെ ഭൂമിപ്രശ്നവും ദേശീയ പാത വീതി കൂട്ടുന്നതും എക്സ്പ്രസ് ഹൈവേയിലെ മതിലുകളും കൈകാര്യം ചെയ്യലല്ല മത സംഘടനകളുടെ അജണ്ട. പള്ളികൾ കേന്ദ്രീകരിച്ചും മുസ്‌ലിം മനസ്സുകൾ ശുദ്ധീകരിക്കാനും ഇതര സമൂഹങ്ങളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്താനും ശ്രമിക്കുന്നതിന് പകരം പഞ്ചായത്തുകളിലെത്താൻ പള്ളികളെയും മത സംഘടനകളെയും ഉപയോഗപ്പെടുത്തുന്നത് അപകടകരമാണ് (*മാധ്യമം*, കോഴിക്കോട് 2010 മെയ് 22).

കോഴിക്കോട്: ജനാധിപത്യത്തെയും മതേതരത്വത്തെയും നിഷിദ്ധമായി പ്രഖ്യാപിച്ച് മതാധിഷ്ഠിത രാഷ്ട്രം സ്ഥാപിക്കൽ അടിസ്ഥാന തത്ത്വമാക്കിയ ജമാഅത്തെ ഇസ്‌ലാമിയുടെ ഇപ്പോഴത്തെ കപട രാഷ്ട്രീയം സമുദായം തിരിച്ചറിയുമെന്ന് എസ്.കെ. എസ്.എസ്.എഫ് സംസ്ഥാന ഭാരവാഹികളുടെ യോഗം അഭിപ്രായപ്പെട്ടു. മുസ്‌ലിം സംഘടനകളുടെ ജമാഅത്ത് തീവ്രവാദ വിരുദ്ധ നിലപാടുകൾ കാരണം ഒറ്റപ്പെട്ടുപോയവർ രംഗത്തുണ്ടെന്ന് വരുത്താനും പിടിച്ചുനിൽക്കാനുമാണ് ജനകീയ സമരങ്ങളുടെ പക്ഷം ചേരുന്നത്. ഇടതുപക്ഷ രാഷ്ട്രീയത്തെ ആദർശമായി സ്വീകരിച്ച് ജമാഅത്ത് അടുത്ത് യു.ഡി.എഫ് ഭരണം സ്വപ്നം കണ്ടുകൊണ്ടാണ് വ്യക്തമായ രാഷ്ട്രീയ കാരണം

പോലും പറയാതെ യു.ഡി.എഫ് അനുകൂല നിലപാട് സ്വീകരിക്കുന്നത്. ജമാഅത്ത് ബന്ധം അജണ്ടയിൽ പോലുമില്ലെന്ന മുസ്‌ലിം ലീഗ് നിലപാട് സ്വാഗതാർഹമാണ്. ഇത്തരം തീവ്രവാദ മതരാഷ്ട്രവാദികളെ ജനാധിപത്യ കേരളം പൂർണമായും ഒറ്റപ്പെടുത്തുക തന്നെ വേണമെന്ന് യോഗം അഭിപ്രായപ്പെട്ടു. യോഗത്തിൽ സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ചു (*ചന്ദ്രിക*, കോഴിക്കോട് 2010 മെയ് 21).

രാജ്യത്തെ പൗരന്മാരെന്ന നിലക്ക് ജനാധിപത്യ പ്രക്രിയയിൽ തങ്ങളുടെ പങ്ക് നിർവഹിച്ചതിന്റെ പേരിൽ ഇതര മുസ്‌ലിം സംഘടനകൾക്ക് നേരെ ശിർക്കും കുഫ്റും ആക്ഷേപിച്ച ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ പരസ്യമായ രാഷ്ട്രീയ വിലപേശൽ നടത്തുന്നത് ഏതു രാഷ്ട്രീയ ധാർമികതയുടെ പേരിലാണെന്ന് വ്യക്തമാക്കണമെന്ന് ഐ.എസ്.എം സംസ്ഥാന സെക്രട്ടറിയേറ്റ് വ്യക്തമാക്കി. പ്രസിഡന്റ് മുജീബുർറഹ്മാൻ കിനാലൂർ അധ്യക്ഷത വഹിച്ചു (*ചന്ദ്രിക*, കോഴിക്കോട് 2010 മെയ് 21 ).

കോഴിക്കോട്: വർഷങ്ങളായി താലോലിച്ചുവരുന്ന രാഷ്ട്രീയ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനായി കാലാകാലങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചുവരുന്ന വിലപേശൽ രാഷ്ട്രീയ നാടകമാണ് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഐ.എസ്.എം സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു. മതേതര ജനാധിപത്യ സംവിധാനങ്ങളെ തീർത്തും നിഷിദ്ധമാക്കിയ തത്ത്വസംഹിതകൾ നിലനിർത്തിക്കൊണ്ടുതന്നെ ജനപക്ഷ രാഷ്ട്രീയമെന്ന വ്യാജേന കപടമുഖവുമായി രംഗത്തുവന്ന ജമാഅത്തെ ഇസ്‌ലാമിയെ എല്ലാവരും തിരിച്ചറിഞ്ഞിരിക്കുകയാണെന്ന് സെക്രട്ടറിയറ്റ് വിലയിരുത്തി. സയ്യിദ് മുഹമ്മദ് ശാക്കിർ അധ്യക്ഷത വഹിച്ചു (*ചന്ദ്രിക*, കോഴിക്കോട് 2010 മെയ് 21).

* * * * * *

പഞ്ചായത്ത് –നഗരസഭ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാനും പ്രവർത്തിക്കാനും ജമാഅത്തെ ഇസ്‌ലാമി അതിന്റെ അംഗങ്ങളെയും പ്രവർത്തകരെയും അനുവദിച്ച ശേഷം പശ്ചിമ ബംഗാളിലും കർണാടകയിലും ജമാഅത്ത് പ്രവർത്തകർ ആ അനുവാദം ഫലപ്രദമായി ഉപയോഗപ്പെടുത്തി. കേരളത്തിൽ സെപ്റ്റംബറിൽ നടക്കാൻ പോവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലും സജീവമായി ഇടപെടാൻ ജമാഅത്തിന്റെ സംസ്ഥാന ഘടകവും തീരുമാനിച്ചു. അതു പ്രകാരമുള്ള പ്രാഥമിക നടപടികളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. രാഷ്ട്രീയാതീതമായി വികസനം മാത്രം മുൻനിർത്തി ത്രിതല പഞ്ചായത്തുകളും നഗരസഭകളും പ്രവർത്തിക്കണമെന്നതാണ് പഞ്ചായത്തീരാജിന്റെ പരികൽപന. കക്ഷി രാഷ്ട്രീയത്തിന്റെ അനാരോഗ്യകരമായ മത്സരകളരിയായി നഗര–ഗ്രാമ ഭരണം മാറരുത് എന്ന കാഴ്ചപ്പാട് കേന്ദ്ര സർക്കാർ തലത്തിൽ രൂപം കൊണ്ടതാണ്, ഫലത്തിൽ അത് അങ്ങനെയല്ല നടക്കുന്നതെങ്കിലും.

ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് കേവലമായ മതസംഘടനയോ രാഷ്ട്രീയ സംഘടനയോ അല്ല. മറിച്ച് ഒരു സമ്പൂർണ ഇസ്‌ലാമിക പ്രസ്ഥാനമാണെന്ന് പിറവി തൊട്ടേ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുള്ളതാണ്. നമ്മുടെ സാമ്പ്രദായിക മതസംഘടനകൾ നൂറ് ശതമാനം അതിനോട് വിയോജിച്ചാലും തങ്ങളുടേതു പോലെയുള്ള കേവല മതസംഘടനയായി അവരതിനെ കാണരുതല്ലോ. വിമർശനങ്ങളിലൊക്കെ ജമാഅത്തിനെ മതരാഷ്ട്രവാദികളായിട്ടാണ് അവർ കുറ്റപ്പെടുത്താറുള്ളതും. എങ്കിൽ ജമാഅത്ത് രാഷ്ട്രീയം പറയുന്നതിലോ രാഷ്ട്രീയത്തിൽ ഇടപെടുന്നതിലോ അവർ അസാംഗത്യമോ അനൗചിത്യമോ കാണരുത്. ആശയതലത്തിൽ പ്രസ്ഥാനത്തോടുള്ള എതിർപ്പ് എത്ര രൂക്ഷമായി പ്രകടിപ്പിച്ചാലും ജമാഅത്ത് അതിന്റെ ജനിതക സ്വഭാവമനുസരിച്ച് രാഷ്ട്രീയത്തിലും തെരഞ്ഞെടുപ്പിലും സജീവമായി ഇടപെടുന്നു എന്നുള്ളത് ഏതോ മഹാപാതകമായി അവർ കാണുന്നതെങ്ങനെ? രാഷ്ട്രീയത്തിൽ ഇസ്‌ലാമാവാമെന്നും ഇസ്‌ലാമിൽ രാഷ്ട്രീയമുണ്ടെന്നും സിദ്ധാന്തിക്കുന്ന ഒരു സംഘടന, അക്കാരണത്താൽ തന്നെ മത സംഘടനകളിൽനിന്ന് ഭിന്നമായി നിൽക്കെ, സമയമായപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രവർത്തകർക്ക് മത്സരിക്കാൻ അനുമതി നൽകിയതിൽ ആശ്ചര്യകരമായി എന്തിരിക്കുന്നു?

സുന്നി യുവജന സംഘത്തിന്റെ മറ്റൊരു പരാതി ജമാഅത്തെ ഇസ്‌ലാമി ഭൂപ്രശ്നം, അതിവേഗത പാത, നാലുവരിപ്പാത പോലുള്ള സാമൂഹിക കാര്യങ്ങളിൽ ഇടപെട്ടുകളയുന്നു എന്നുള്ളതാണ്. പകരം പള്ളികൾ കേന്ദ്രീകരിച്ച് മുസ്‌ലിം മനസ്സുകൾ ശുദ്ധീകരിക്കാനും ഇതര സമൂഹങ്ങളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്താനും ശ്രമിക്കുകയാണത്രെ ചെയ്യേണ്ടത്. പള്ളികൾ കേന്ദ്രീകരിച്ച് നടത്തേണ്ടതെന്ന് സുന്നീ യുവജന സംഘടന ചൂണ്ടിക്കാട്ടിയ പ്രവർത്തനങ്ങൾ തന്നെ നടക്കണമെ

ങ്കിൽ പ്രഥമവും പ്രധാനവുമായി, ദൈവസ്മരണക്കും മാനസിക ശുദ്ധീകരണത്തിനുമായി നിശ്ചയിക്കപ്പെട്ട ജുമുഅ ഖുത്ബ മാതൃഭാഷയിലാവണം. അത് സുന്നീ പണ്ഡിതന്മാർ അനുവദിക്കുമോ? സാമുദായത്തിന്റെ പകുതിയായ സ്ത്രീകളെ സംസ്കരിക്കാതെ ഒരു സംസ്കരണ പ്രവർത്തനവും പൂർണമാവുകയില്ല, വിജയിക്കുകയില്ല. സ്ത്രീകളെ പള്ളിയിൽ വരാൻ സുന്നികൾ സമ്മതിക്കുമോ? അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്താനും പള്ളികൾ കേന്ദ്രീകരിക്കണമെങ്കിൽ പള്ളിയിൽ പ്രവേശിക്കാൻ അവർക്ക് അനുവാദം നൽകിയിട്ടു വേണ്ടേ? അപ്പോൾ മത സംഘടനകൾ ചെയ്യേണ്ടത് എന്ന് അവർ സ്വയം അംഗീകരിക്കുന്ന കാര്യങ്ങൾ തന്നെ യഥാവിധി നിറവേറ്റാനാവാത്ത സാഹചര്യമാണവർ സ്വയം സൃഷ്ടിച്ചിരിക്കുന്നത്.

അതോടൊപ്പം, സാമൂഹിക പ്രശ്നങ്ങളിൽ ഇസ്‌ലാം ഇടപെടാൻ പാടില്ലെന്ന് പറയാൻ സുന്നി യുവജന സംഘത്തിനുള്ള ന്യായമെന്താണ്? നന്മയിലേക്ക് ജനങ്ങളെ ക്ഷണിക്കാനും നന്മ കൽപിക്കാനും തിന്മ തടയാനും നിയോഗിതരായ സമൂഹമാണ് മുസ്‌ലിംകൾ. മതപരമായ നന്മ, മതപരമായ തിന്മ, മതേതര നന്മ, മതേതര തിന്മ എന്നൊരു വിഭജനം ഇസ്‌ലാമിലുണ്ടോ? ജീവിതത്തിൽ നന്മ തിന്മകൾക്ക് ഒരൊറ്റ മാനദണ്ഡമേ ഇസ്‌ലാമിലുള്ളൂ. അല്ലാഹുവും പ്രവാചകരും കൽപിച്ചതും മനുഷ്യന്റെ ശുദ്ധ പ്രകൃതി നല്ലതെന്ന് കരുതുന്നതുമായ എല്ലാം നന്മ, അവർ വിലക്കിയതും മനുഷ്യ പ്രകൃതി ചീത്തയായി കരുതുന്നതുമെല്ലാം തിന്മ. നന്മ എവിടെയായാലും മുസ്‌ലിം പ്രോത്സാഹിപ്പിക്കുകയും സ്ഥാപിക്കുകയും, തിന്മ എവിടെ കണ്ടാലും വെറുക്കുകയും വിലക്കുകയും ചെയ്തേ പറ്റൂ. ആ ചുമതല മതേതരക്കാർക്കും മതനിരാസികൾക്കും വിട്ടുകൊടുത്ത് ജീവിതത്തിൽനിന്ന് ഒളിച്ചോടി പള്ളികളിൽ അഭയം തേടി ദിക്ർ ഹൽഖയും റാത്തീബും മൗലിദുമായി കഴിയണമെന്ന് പഠിപ്പിക്കുന്ന ഒരു ഇസ്‌ലാമിനെ അല്ലാഹുവും റസൂലും പൂർവ സൂരികളും പരിചയപ്പെടുത്തിയിട്ടില്ല. വഴിയിൽനിന്ന് ഉപദ്രവം നീക്കം ചെയ്യുന്നതു പോലും ഈമാനിന്റെ ഭാഗമായാണ് പ്രവാചകൻ എണ്ണിയത്. കൃഷിഭൂമി ജീവിപ്പിക്കലും മരം നടലും കുടിവെള്ളമെത്തിക്കലും സാക്ഷരത വളർത്തലും പാവങ്ങൾക്ക് ആഹാരം നൽകലും അനാഥകളെ സംരക്ഷിക്കലും രോഗികളെ സാന്ത്വനിപ്പിക്കലും, പൂഴ്ത്തിവെപ്പും അഴിമതിയും കൈക്കൂലിയും മദ്യവും ചൂതാട്ടവും പലിശയും വ്യഭിചാരവും തടയലും തട്ടിപ്പും വഞ്ചനയും ഇല്ലാതാക്കലും സാമൂഹിക നീതി ലഭ്യമാക്കലും അസഹിഷ്ണുതയും വിദ്വേഷവും സംഘട്ടനവും യുദ്ധവുമില്ലാത്ത ലോകത്തിനു വേണ്ടി പണിയെടുക്കലും ഇസ്‌ലാമിന്റെ അധ്യാപനങ്ങളാണ്, പ്രവാചക ചര്യയാണ്, ശിഷ്യന്മാരുടെ മാതൃകയാണ്, ഇസ്‌ലാമിന്റെ ഇതഃപര്യന്തമുള്ള ചരിത്രമാണ്. ഇതൊന്നുമില്ലാത്ത ഒരു ഇസ്‌ലാം ഉണ്ടോ, ഉണ്ടെങ്കിൽ അത് സുന്നി-മുജാഹിദ് സംഘടനകൾ കാണിച്ചുതരുമോ? ഭൂലോകത്ത് കേരളത്തിന്റെ 'ഠ' വട്ടത്തിലല്ലാതെ കാക്കത്തൊള്ളായിരം സുന്നി-സലഫി സംഘടനകൾ വേറെയുമുണ്ടല്ലോ. അവയൊക്കെ ജീവിതത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങൾ മതേതരക്കാർക്ക് പതിച്ചു നൽകി ആമീൻ ഉറക്കെ ചൊല്ലണമോ, തശഹുദിൽ വിരൽ ഇളക്കണമോ, നമസ്കാരത്തിൽ കൈ നെഞ്ചത്ത് വെക്കണമോ, നമസ്കാരം കഴിഞ്ഞാൽ ഉടനെ ഇമാം സ്ഥലം വിടണമോ എന്നു തുടങ്ങിയ 'സുപ്രധാന രാഷ്ട്രാന്തരീയ വിവാദങ്ങളിൽ' മുഴുകിയിരിക്കുകയാണോ? ശാന്തം, പാവം!

എന്തായാലും ഈ പരമ സാധു നിർദോഷ മതത്തിന് ജമാഅത്തെ ഇസ്‌ലാമിയെ കിട്ടില്ല; സോളിഡാരിറ്റിയെയും. സകല ജീവൽ പ്രശ്നങ്ങളിലും ഇടപെട്ട് നന്മയുടെ പക്ഷത്തിന് ശക്തിപകരാനും തിന്മയുടെ പക്ഷത്തെ പരമാവധി തളർത്താനും തന്നെയാണ് തീരുമാനം. അതിന്റെ ഭാഗമായി പള്ളികളിൽ പ്രസംഗിക്കും, പഞ്ചായത്തിൽ മത്സരിക്കുകയും ചെയ്യും. മനുഷ്യർക്ക് വായിക്കാൻ പത്രങ്ങളിറക്കും, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കും. ആശുപത്രികൾ സ്ഥാപിക്കും, പലിശമുക്ത വായ്പാ നിധികൾ ഏർപ്പെടുത്തും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണിയും, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാക്കും, മദ്യ വിരുദ്ധ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കും, വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കുന്നവരുടെ സമരത്തിൽ പങ്കുചേരും, അഹങ്കാരത്തിന്റെ അതിവേഗ പാത പണിയുന്നവരെ ചെറുക്കും; പരിസ്ഥിതി മലിനീകരണത്തെ പ്രതിരോധിക്കും, വിഷമഴ പെയ്യിക്കുന്നവരുടെ കൈക്ക് പിടിക്കും, ഇരകളെ പുനരധിവസിപ്പിക്കും, അനാശാസ്യ കേന്ദ്രങ്ങൾ ജനകീയ സമരങ്ങളിലൂടെ അടച്ചുപൂട്ടിക്കും. ഇക്കാര്യങ്ങളിൽ ജാതിയും മതവും പാർട്ടിയും നോക്കാതെ സുമനസ്സുകളെ സഹകരിപ്പിക്കും. ഇതൊന്നും മതേതര പ്രവൃത്തികളല്ല, ഇസ്‌ലാമിന്റെ ചൈതന്യം ഉൾക്കൊണ്ട് പ്രവാചക മാതൃകയിൽ ചെയ്യുന്ന ഇബാദത്ത്-പുണ്യ കർമം- തന്നെയാണ്. സുന്നി-മുജാഹിദ് സംഘടനകൾക്ക് ആരാധന മാത്രമാണ് ഇബാദത്തെങ്കിൽ അവർ ദേവാലയങ്ങളിൽ കുത്തിയിരിക്കട്ടെ. അതാണ്

ഇസ്‌ലാമെന്ന് പറഞ്ഞ് വിരട്ടരുത്.

ഇസ്‌ലാമിക പ്രസ്ഥാനത്തെ എതിർക്കുമ്പോൾ മത സംഘടനകൾക്ക് മതേതര രാഷ്ട്രീയക്കാരുടെയും മീഡിയയുടെയും കൈയടിയും പ്രോത്സാഹനവും തീർച്ചയായും കിട്ടുന്നുണ്ട്. ചരിത്രത്തിലുടനീളം ഇസ്‌ലാമിനെ വികലമാക്കിയവർക്കും സങ്കുചിത മതവാദികൾക്കും അരമനകളുടെ രക്ഷാധികാരവും അധർമികളുടെ പ്രോത്സാനവും കിട്ടിപോന്നിട്ടുണ്ട്. പ്രവാചകവര്യന്മാരുടെ മുഴുവൻ ചരിത്രം അധാർമികമായ അധികാര സ്ഥാനങ്ങളോടും പ്രമാണിമാരോടും ഏറ്റുമുട്ടിയ ചരിത്രമാണ്; അവർ എന്നും ഒറ്റപ്പെട്ടവരും വേറിട്ട് നിൽക്കുന്നവരും ആയിരുന്നു. ഇടത്-വലത് ജനവിരുദ്ധ ഭരണാധികാരികളുടെയും അഴിമതിക്കാരുടെയും സാമ്രാജ്യത്വ ദാസന്മാരുടെയും പിന്തുണ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വേണ്ട. അവർ മുക്രയിട്ടാൽ ഒതുങ്ങുന്നതുമല്ല സത്യത്തിന്റെ ശബ്ദം.

മൗദൂദിയെ ജമാഅത്ത് തള്ളിപ്പറയണമത്രെ. എന്തിന്, ആർക്കു വേണ്ടി? "ദൈവദൂതനെ അല്ലാതെ യാതൊരു മനുഷ്യനെയും സത്യത്തിന്റെ മാനദണ്ഡമാക്കാതിരിക്കുകയും മറ്റൊരാളെയും വിമർശനാതീതമായി ഗണിക്കാതിരിക്കുകയും യാതൊരാളുടെയും മാനസികാടിമത്വത്തിൽ കുടുങ്ങാതിരിക്കുകയും അല്ലാഹു നിശ്ചയിച്ച ഇതേ പരിപൂർണ മാനദണ്ഡം കൊണ്ട് ഓരോരുത്തരെയും പരിശോധിക്കുകയും അതനുസരിച്ച് ആര് ഏതു പദവിയിലാണോ അവരെ അതേ പദവിയിൽ വെക്കുകയും ചെയ്യുക" (ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി, ഭരണഘടന, ഖണ്ഡിക 3, ആദർശം, ഉപവകുപ്പുകൾ 6).

സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ കാലം മുതൽക്കേ ജമാഅത്തെ ഇസ്‌ലാമി മുറുകെപ്പിടിക്കുന്ന ഈ ആദർശത്തിന് ഒരു കാലത്തും മാറ്റമുണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. സ്വഹാബികൾ മുതൽക്കിങ്ങോട്ട് ഒരാളെയും എത്ര വലിയ മഹാനായാലും ജമാഅത്തെ ഇസ്‌ലാമി സത്യത്തിന്റെ പരമ മാനദണ്ഡമായി അംഗീകരിക്കുന്നില്ല. അല്ലാഹുവും റസൂലും മാത്രമാണ് ആ പദവിക്കർഹർ. എന്നാൽ, മുസ്‌ലിം സമൂഹത്തിൽ നാളിതുവരെ ലക്ഷക്കണക്കിന് ചിന്തകരും മഹാ പണ്ഡിതന്മാരും പരിഷ്കർത്താക്കളും കഴിഞ്ഞുപോയിട്ടുണ്ട്. അവരിലാരെയും ജമാഅത്ത് തള്ളിപ്പറയുന്നില്ല. എല്ലാവരിലുമുള്ള ശരി അംഗീകരിക്കുന്നു, ശരിയല്ലെന്ന് തോന്നിയത് നിരാകരിക്കുന്നു. ശരിക്കും തെറ്റിനും സാധ്യതയുള്ള ഇജ്തിഹാദിന്റെ അടിസ്ഥാനത്തിലാണ് മുൻഗാമികളുടെ വാക്കുകളും പ്രവൃത്തികളും വിലയിരുത്തുന്നത്.

മൗദൂദിയും ഹസനുൽ ബന്നായും ഇരുപതാം നൂറ്റാണ്ടിൽ സാമ്രാജ്യത്വത്തിന്റെ ചൊൽപടിയിൽ അമർന്ന മുസ്‌ലിം ജനകോടികളുടെ മുമ്പിൽ എല്ലാ മനുഷ്യ നിർമിത പ്രത്യയശാസ്ത്രങ്ങൾക്കും ബദലായി ഖുർആനിലും സുന്നത്തിലും അധിഷ്ഠിതമായ ഇസ്‌ലാമിക ജനാധിപത്യ വ്യവസ്ഥിതിയെ അവതരിപ്പിച്ചു. തദടിസ്ഥാനത്തിൽ ജനാധിപത്യത്തോടും മതേതരത്വത്തോടും ദേശീയതയോടും മുസ്‌ലിം സ്വീകരിക്കേണ്ട കാഴ്ചപ്പാടുകളും വിശദീകരിച്ചു. അത് തെറ്റായിരുന്നു എന്ന് ഇന്നുവരെ ഇസ്‌ലാമിനെ ആഴത്തിൽ പഠിച്ചവരാരും തെളിയിച്ചിട്ടില്ല. പദപ്രയോഗങ്ങളോടും ശൈലിയോടും വിശദാംശങ്ങളോടുമുള്ള വിയോജനം വേറെ കാര്യമാണ്. അതിനാൽ അടിസ്ഥാനപരമായി അതൊക്കെ ശരിയായിരുന്നുവെന്ന നിലപാടിൽ ജമാഅത്തെ ഇസ്‌ലാമി ഉറച്ചുനിൽക്കുന്നു. നാസ്തികർക്കും മാർക്സിസ്റ്റുകൾക്കും മതനിരാസികൾക്കും മതത്തെ സ്വകാര്യവത്കരിച്ചവർക്കും ഇസ്‌ലാമിന്റെ അന്യൂനവും സമ്പൂർണവുമായ രൂപം സ്വീകാര്യമല്ലെന്നത് സ്വാഭാവികമാണ്. അവരെ തൃപ്തിപ്പെടുത്താൻ പക്ഷേ ഇസ്‌ലാമിക പ്രസ്ഥാനം അശക്തമാണ്.

മൗദൂദിയെ തള്ളിപ്പറയാത്തതിലാണ് ചിലരുടെ രോഷമെങ്കിൽ അദ്ദേഹത്തെ ഹൽഖാ അമീർ ആരിഫലി 'തള്ളിപ്പറഞ്ഞതി'നാണ് *സിറാജിൽ* പി.ടി നാസറിന്റെ പരിഹാസം മുഴുവൻ (*സിറാജ്* 24 മെയ്). "ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ എന്ന നിലയിൽ മൗലാനാ മൗദൂദിയോട് ജമാഅത്തെ ഇസ്‌ലാമിക്ക് കടപ്പാടുണ്ട്. അതേയവസരം ജമാഅത്തെ ഇസ്‌ലാമിയുടെ പ്രമാണം മൗലാനാ മൗദൂദിയുടെ ലിഖിതങ്ങളോ വീക്ഷണങ്ങളോ അല്ല. ഖുർആനും നബിചര്യയുമാണ്." ഈ വാചകം ഉദ്ധരിച്ചുകൊണ്ടാണ് മൗദൂദിയെ തള്ളിപ്പറഞ്ഞതായി ലേഖകൻ ഭാവിക്കുന്നത്. തുടർന്നങ്ങോട്ട് തദടിസ്ഥാനത്തിലുള്ള മുച്ചൂടും തെറ്റായ വാദഗതികളും നിരത്തുന്നു. 1956-ൽ നിലവിൽവന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണഘടന ഖുർആനും സുന്നത്തും മാത്രമാണ് സംഘടനയുടെ മൗലിക പ്രമാണങ്ങളെന്ന് സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട്. നബി(സ)യുടെ പ്രിയ ശിഷ്യന്മാരുടെ വാക്കുകളോ പ്രവൃത്തികളോ പോലും ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളല്ലെന്നിരിക്കെ, അക്കാര്യം ഭരണഘടനയിൽ വ്യക്തമാക്കിയിരിക്കെ, മൗദൂദിയുടെ ലിഖിതങ്ങളും വചനങ്ങളുമല്ല പ്രമാണങ്ങളെന്ന്

പറഞ്ഞത് അപ്പടി ശരിയാണ്. ഖുർആന്റെയും സുന്നത്തിന്റെയും മൗദൂദിയൻ വ്യാഖ്യാനങ്ങളാണ് ജമാഅത്ത് സ്വീകരിക്കുന്നതെന്ന ആരോപണത്തിലും കഴമ്പില്ല. ഖുർആനിന് ആയിരക്കണക്കിന് വ്യാഖ്യാനങ്ങളുണ്ട്. വ്യാഖ്യാനങ്ങളുടെ പിൻബലമില്ലാതെ ഒരാൾക്കും ഖുർആനെ നേരാംവണ്ണം ഗ്രഹിക്കാനുമാവില്ല. അങ്ങനെ ചെയ്താൽ അതയാളുടെ വ്യാഖ്യാനവുമാവും. ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഇമാം അബുൽ ഹസൻ അശ്അരിയും ഇമാം ശാഫിഈയും രൂപപ്പെടുത്തിയ മദ്ഹബുകളാണ് സമസ്തയുടെ ആദർശവും കർമശാസ്ത്രവും. ഇബ്നു തൈമിയ്യയുടെയും ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെയും ചിന്തകളാണ് സലഫിസത്തിന്റെ അടിസ്ഥാനം. അതാണ് മുജാഹിദുകൾ കൊണ്ടുനടക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയാകട്ടെ ഇവരുടെയെല്ലാം കാഴ്ചപ്പാടുകളിൽനിന്ന് ഖുർആനോടും സുന്നത്തിനോടും കൂടുതൽ അടുത്തതേതോ അത് സ്വീകരിക്കുന്നു. സയ്യിദ് അബുൽ അഅ്ലാ മൗദൂദിയും ഇതിന്നപവാദമല്ല. അദ്ദേഹത്തിന് അപ്രമാദിത്വം കൽപിക്കുന്നുമില്ല. ഇതിപ്പോൾ മാത്രം പറയുന്ന കാര്യവുമല്ല. ആരിഫലി അദ്ദേഹത്തിന്റെ വാർത്താ സമ്മേളനത്തിൽ ഇതിപ്പോഴെങ്കിലും വ്യക്തമാക്കേണ്ടതുണ്ട് എന്നു പറഞ്ഞത് ഒരു പുതിയ കാര്യമെന്ന നിലക്കല്ല. കുറേക്കാലമായി കേരളത്തിൽ മൗദൂദിസമാണ് ജമാഅത്തിന്റെ അടിത്തറയെന്ന പ്രചാരണം നടക്കുകയും ഒടുവിലത് മൂർച്ചിക്കുകയും ചെയ്തപ്പോൾ അവസരോചിതമായി എടുത്തു പറഞ്ഞതാണ് അമീർ ആരിഫലി. പ്രസ്താവനകൾ വളച്ചൊടിക്കുന്നതും സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ആഘോഷമാക്കുന്നതും ചിരപരിചിതമായ മീഡിയാ പ്രവർത്തനമായതുകൊണ്ട് പി.ടി നാസർ മാത്രം അതിന്നപവാദമാവേണ്ടതില്ല. പക്ഷേ, ഇവരൊക്കെ വിസ്മരിക്കുന്ന ഒരു കാര്യമുണ്ട്. മൗദൂദി എന്തോ വേണ്ടാത്തത് എഴുതിപ്പോയതാണെങ്കിൽ അദ്ദേഹത്തിന്റെ കൃതികൾ പ്രസിദ്ധീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ ജമാഅത്തിന് ആരുണ്ട് തടസ്സം? അത് ചെയ്യാതെ അദ്ദേഹത്തിന്റെ കൃതികൾ ഇപ്പോഴും പ്രസിദ്ധീകരിക്കുന്നത് മൗലികമായി അദ്ദേഹത്തിന് തെറ്റുപറ്റിയിട്ടില്ല എന്ന് കരുതുന്നതുകൊണ്ട് തന്നെയാണ്. ശരിയായ പശ്ചാത്തലത്തിൽ വായിക്കാതെ വിമർശകർ തുടരുന്ന കുപ്രചാരണങ്ങൾക്ക് ഇസ്‌ലാമിക പ്രസ്ഥാനത്തെ ചകിതരാക്കാനാവില്ല.

ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണ തേടി കോൺഗ്രസ്, സി.പി.എം, സി.പി.ഐ, മുസ്‌ലിം ലീഗ്, ജനതാ ദൾ നേതാക്കൾ പല തവണ വന്നിട്ടുണ്ട്, സുദീർഘമായ ചർച്ചകൾ നടത്തിയിട്ടുമുണ്ട്. അവരാരും ഒരിക്കലും ജനാധിപത്യത്തെയും മതേതരത്വത്തെയും കുറിച്ച പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട് തിരുത്തണമെന്നാവശ്യപ്പെട്ടിട്ടില്ല. ആശയ സംവാദത്തിലേർപ്പെട്ടിട്ടുമില്ല. 2006–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ജമാഅത്ത് നേതാക്കളെ നേരിൽ കണ്ട സി.പി.എം സെക്രട്ടറി പിണറായി വിജയനും അതേപ്പറ്റി അക്ഷരം ഉരിയാടിയിട്ടില്ല. ആദർശത്തിലോ ലക്ഷ്യത്തിലോ കടുകിടാ വിട്ടുവീഴ്ച ചെയ്യാമെന്ന ഒരുറപ്പും സംഘടന ആർക്കും നൽകിയിട്ടുമില്ല. പിന്നെയന്തിന് ജമാഅത്തിന്റെ ഇല്ലാത്ത മുഖംമൂടി അഴിച്ചു കളയാൻ പിണറായി സാഹസപ്പെടണം? അദ്ദേഹത്തിന്റെ പാർട്ടിക്ക് നാസ്തികവാദവും ഭൗതികവാദവും സ്റ്റാലിനിസവും ഉദ്ഘോഷിക്കാൻ ഇന്ത്യൻ ജനാധിപത്യത്തിൽ സ്വാതന്ത്ര്യമുണ്ടെങ്കിൽ അതേ സ്വാതന്ത്ര്യം ദൈവിക സന്മാർഗത്തെയും ഇസ്‌ലാമിക സാമൂഹിക നീതിയെയും കുറിച്ച് പറയാൻ ജമാഅത്തെ ഇസ്‌ലാമിക്കുമുണ്ട്. നാസ്തികർക്ക് മദ്യരാജ്യമോ ഗുണ്ടാരാജ്യമോ കൊണ്ടുവരാമെങ്കിൽ ധാർമിക പ്രസ്ഥാനത്തിന് ദൈവരാജ്യവും കൊണ്ടുവരാം. സ്വതന്ത്ര ഇന്ത്യയിൽ ജമാഅത്തിന്റെ ഇന്നുവരെയുള്ള പ്രവർത്തനം സമാധാന ഭംഗമോ സാമുദായിക ധ്രുവീകരണമോ സൃഷ്ടിച്ചിട്ടില്ലെങ്കിൽ നാളെയും അതുണ്ടാവാൻ പോവുന്നില്ല. എൽ.ഡി.എഫിന് ജമാഅത്ത് തത്ത്വാധിഷ്ഠിത പിന്തുണ നൽകി; യു.ഡി.എഫിനും വേണ്ടിവന്നാൽ നൽകും. ഒരു മുന്നണിക്കും നൽകാതെയുമിരിക്കും. അടിയറവ് കരാറോ സഖ്യമോ ധാരണയോ ഒരു പാർട്ടിയോടും മുന്നണിയോടും ഉണ്ടാക്കിയിട്ടില്ല. ആരുടെയും ഓശാരം കൊണ്ടല്ല ഈ പ്രസ്ഥാനം ദൈവധിക്കാരികളുടെയും ജനശത്രുക്കളുടെയും ഉറക്കം കെടുത്തുന്ന രീതിയിൽ വളർന്നത്. ആരുടെയെങ്കിലും മേൽ ചാരിയാൽ മാത്രം നിലനിൽപുള്ള കോണിയുമായി ജമാഅത്ത് ഇറങ്ങിത്തിരിച്ചിട്ടുമില്ല. അല്ലാഹുവിന്റെ സഹായത്തിലും നല്ല മനുഷ്യരുടെ സഹകരണത്തിലും നീതിനിഷേധിക്കപ്പെട്ടവരുടെ പ്രാർഥനകളിലുമാണ് പ്രസ്ഥാനത്തിന് പ്രതീക്ഷ. ആ പ്രതീക്ഷ എന്നും സഫലമാവുകയേ ചെയ്തിട്ടുള്ളൂ. ■